**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 641** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കോന്നി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഉള്ള നിർമ്മാണ പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കോന്നി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നിർമ്മാണ പ്രവർത്തനം ആരംഭിച്ച പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളുടെ നിർമ്മാണ പൂർത്തീകരണം എന്ന് സാധിക്കുമെന്ന് വിശദമാക്കാമോ ;

**<u>മറുപടി:</u>** കോന്നി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച പട്ടികജാതി ഉന്നതികളുട നിർമ്മാണം ഓഗസ്റ്റ് 31-നകം പൂർത്തീ കരിക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച പട്ടികവർഗ ഉന്നതികളുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി)** ഉന്നതികളുടെ പേരും നിർമ്മാണ പുരോഗതിയും പ്രത്യേകം വിശദമാക്കാമോ;

**<u>മറുപടി:</u>**

കോതയാട്ട് പാറനഗർ, ഇട്ടപ്പകല്ല് കൊച്ചാണ്ടി നഗർ, പാടം ലക്ഷം വീട് ഇരുട്ടുതറ, കണ്ണങ്കര ചെമ്മണേറ്റം എന്നി പട്ടികജാതി നഗറുകളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. അതിൽ കോതായാട്ട് പാറ നഗറിന്റെ 97% പ്രവൃത്തികളും ഇട്ടപ്പകല്ല് കൊച്ചാണ്ടി നഗറിന്റെ 80% പ്രവൃത്തികളും പാടം ലക്ഷം വീട് ഇരുട്ടുതറ നഗറിന്റെ 65% പ്രവൃത്തികളും കണ്ണങ്കര ചെമ്മണേറ്റം നഗറിന്റെ 40% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൈതക്കര ഉന്നതിയിൽ നിർമ്മാണ പ്രവൃത്തികളിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് ഫീൽഡ് തല സാങ്കേതിക പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കാട്ടാത്തി പട്ടിക വർഗ നഗറിൻ്റെ 40% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാമ്പിനി, ആവണിപ്പാറ പട്ടികവർഗ നഗറുകളുടെ MoU ഒപ്പു വച്ചിട്ടുണ്ട്. തണ്ണിത്തോട്, കൊടുമുടി പട്ടികവർഗ നഗറുകളുടെ DPR ലഭിച്ചിട്ടുണ്ട്.

**(സി)** കോന്നി നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ അനുവദിച്ചിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** 2025-26 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗാന്ധിസ്മാരകം പട്ടികജാതി ഉന്നതിയുടെയും പാമ്പിനി, ആവണിപ്പാറ, തണ്ണിത്തോട്, കൊട്ടുമുടി എന്നീ പട്ടികവർഗ ഉന്നതികളുടെയും പ്രവൃത്തികൾ ആരംഭിക്കാനുണ്ട്. ആയത് എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**